പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.561 05.06.2018-ൽ മറുപടിയ്ക്ക്


# നികുതി വരുമാനം

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി.</th><th colspan="2">മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തെ നികുതി വരുമാനം (ജി.എസ്.ടിയും ജി.എസ്.ടി. കോമ്പൻസേഷനും ഉൾപ്പെടെ) 16 ശതമാനം വർദ്ധിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>മാസം</th><th>ലഭിച്ച വരുമാനം<br>(തുക കോടിയിൽ)</th></tr>
<tr><td>ആഗസ്റ്റ് 2016 മുതൽ മാർച്ച് 2017 വരെ</td><td>24072.81</td></tr>
<tr><td>ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെ</td><td>27860.99</td></tr>
<tr><td>വർദ്ധനവ്</td><td>16 ശതമാനം</td></tr>
</table></td></tr>
<tr><td>(ബി)</td><td>നികുതിവരുമാനത്തിൽ മുൻകാലത്തേക്കാൾ കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് നികത്തുന്നതിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ;</td><td>(ബി)</td><td>നികുതി വരുമാനത്തിൽ മുൻകാലത്തേക്കാൾ കുറവ് ഉണ്ടാകുകയാണെങ്കിൽ ആയത് നികത്തുന്നതിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്.ജി.എസ്.ടി. കോമ്പൻസേഷൻ ആക്റ്റ് അനുസരിച്ച് ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നല്കുന്നത്. 2015-16-ലെ നികുതി പിരിവിന്റെ 14 ശതമാനം വർദ്ധനവ് കണക്കാക്കി ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ നിന്നും എസ്.ജി.എസ്.ടി./വാറ്റ് കളക്ഷൻ കഴിച്ചുള്ള തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വ്യവസ്ഥ പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത വ്യവസ്ഥ പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ നഷ്ടപരിഹാരമായി 810 കോടി രൂപയും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ നഷ്ടപരിഹാരമായി 395 കോടി രൂപയും നവംബർ, ഡിസംബർ മാസങ്ങളിലെ നഷ്ടപരിഹാരമായി 736 കോടി രൂപയും ജനുവരി, ഫെബ്രുവരി മാസങ്ങളിലെ നഷ്ടപരിഹാരമായി 567 കോടി രൂപയും മാർച്ച് മാസത്തിലെ നഷ്ടപരിഹാരമായി 330 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ